പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1028 — 01.03.2017 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ കൈവശമില്ല. തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തിൽ കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നുണ്ട് . |
| (ബി) ഇവർ താമസിക്കുന്ന പ്രദേശങ്ങൾ ചേരികളായി രൂപപ്പെടുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (ബി) ഉണ്ട്. കേരളത്തിൽനിന്നും നിർമ്മാർജനം ചെയ്ത പലരോഗങ്ങളും അന്യ സംസ്ഥാന തൊഴിലാളികളുടെ അനാരോഗ്യകരമായ താമസചുറ്റുപാടിലൂടെ തിരിച്ചുവരുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. ഇവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊ ണ്ട് 17.12.15 ലെ ജി.ഒ (ആർ.ടി) 1717/15/തൊഴിൽ നം. ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടു ണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നു വരുന്നു. |

| | |
|---|---|
| (സി) നോട്ട് നിരോധനത്തെത്തുടർന്ന് തൊഴിൽ ക്ഷാമമുണ്ടായി തിരിച്ച് പോയവരുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ? | (സി) അത്തരത്തിൽ ഒരു കണക്കെടുപ്പ് തൊഴിൽവകുപ്പ് നടത്തിയിട്ടില്ല . |

സെക്ഷൻ ഓഫീസർ